ശ്രീ. എം. നാരായണക്കുറുപ്പ് : ദീർഘകാലത്തിൽ അനുഭവം ലഭിക്കുന്നവൻകിട പദ്ധതികളും എത്രതന്നെ പ്രധാനപ്പെട്ടതാണെങ്കിലും കേരളത്തിലെ ഇന്നത്തെ വിദ്യുച്ഛക്തിയുടെ അടിയന്തിരമായ ആവശ്യത്തെ മുൻനിറുത്തി ചുരുങ്ങിയ കാലഘട്ടത്തിൽ ഉൽപ്പാദനം ആരംഭിക്കാവുന്ന ചെറുകിട പദ്ധതികൾക്ക് ഏറ്റവും വലിയ മുൻഗണന കൊടുക്കണമെന്നു വിദഗ്ദ്ധന്മാർ പറഞ്ഞിട്ടുള്ളപ്പോൾ കുറിയാടി പദ്ധതിയുടെ ഇന്നത്തെ അലസമായ ഗമനം കാണുമ്പോൾ ഉദ്ദേശിച്ചുമാതിരി മൂന്നാം പദ്ധതിക്കാലത്തു് അതിൽനിന്നു് ഉൽപ്പാദനം ലഭിക്കുമെന്നു തോന്നുന്നില്ല. ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു് ഉദ്ദേശത്തിനനുസരിച്ചു് പ്രവർത്തിപ്പിക്കാനുള്ള നടപടികളും ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ : കുറിയാടി പദ്ധതി ത്വരിതപ്പെടുത്തിവരികയാണു്. മൂന്നാം പദ്ധതിക്കാലത്തുതന്നെ അഞ്ചിടനിന്നും പൗവ്വർ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. സി. ജി. ജനാർദ്ദനൻ : 26 ലക്ഷം യൂണിറ്റു് പ്രതിദിനം ആവശ്യമുണ്ടെന്നും പമ്പാ പദ്ധതി പൂർത്തിയായാൽ നമ്മുടെ ആവശ്യത്തിനു മതിയാകുമെന്നും പറഞ്ഞതു് ഇപ്പോഴത്തെ കണക്കുവച്ചാണോ അതോ ഭാവിയിൽ ഇവിടെ വ്യവസായസംബന്ധമായും മറ്റും ഉണ്ടാകുന്ന പുരോഗതിയേക്കൂടി കണക്കിലെടുത്തുകൊണ്ടാണോ ? എല്ലാ കാലഘട്ടത്തിലും പൗവ്വർകട്ടു് വേണ്ടിവരുന്നതുകൊണ്ടു് ഒരു ശാശ്വതമായ പരിഹാരം മുന്നിൽ കണ്ടുകൊണ്ടാണോ ഗവണ്മെൻറിന്റെ പ്ലാൻ എന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ : പമ്പാ പദ്ധതിയിൽനിന്നു് ഉൽപ്പാദിപ്പിക്കാവുന്ന പൗവ്വർ എത്രയാണെന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. 3 ലക്ഷം കിലോവാട്സു് ഉൽപ്പാദനശക്തി അതിനുണ്ടായിരിക്കും. ഇന്നു് ഈ സംസ്ഥാനത്തു് ആകമാനം ഉൽപ്പാദിപ്പിക്കുന്നതു് 2 ലക്ഷത്തിനുതാഴെ ഉൽപ്പാദനശക്തിയുള്ള യൂണിറ്റുകളിൽനിന്നാണു്, അതുകൊണ്ടു് പൗവ്വർ വളരെ കൂടുതൽ കിട്ടുമെന്നുള്ളതിനു സംശയമില്ല. ഇന്നത്തെ ആവശ്യം മാത്രമല്ല, സാധാരണ ഗതിയിൽ വർദ്ധിച്ചുവരാവുന്ന ആവശ്യംകൂടി കണക്കാക്കിയാണു് പമ്പാപദ്ധതി പൂർത്തിയായാൽ വിഷമമുണ്ടാവുകയില്ലെന്നു പറയുന്നതു്. പക്ഷേ സകലതും നേരത്തെ കാണുക പ്രയാസമായതുകൊണ്ടു പമ്പാ പദ്ധതി അവസാനിച്ചാൽ നിശ്ചയമായും ഇലക്ട്രിസിറ്റിയുടെ കുറവു വരികയില്ലെന്നു വാഗ്ദാനം ചെയ്യുക വിഷമമാണു്. വിശേഷിച്ചും അസാധാരണമായ രീതിയിൽ മഴക്കുറവു വന്നാൽ ഹൈഡ്രോഇലക്ട്രിക് പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന പൗവ്വർ കിട്ടുകയില്ലെന്നു നമുക്കറിയാം. അതുകൊണ്ടാണു് ഇടുക്കിപദ്ധതി നടപ്പിൽ വരുത്താനുള്ള നടപടിയെടുക്കാൻ ഗവണ്മെൻറു മുതിരുന്നതു്.

ഓലയുടെ വിലക്കുറ്റൽ

* 495. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഓലയുടെ അമിതമായ വിലക്കുറ്റൽകാരണം പാവപ്പെട്ടവർക്കു വീടു് ഓലമേയുന്നതിനു ബുദ്ധിമുട്ടു നേരിടുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ വിലക്കുറ്റൽ തടയുന്നതിനായി കേരളത്തിൽനിന്നും പുറത്തേക്കു് ഓല അയയ്ക്കുന്നതു നിയന്ത്രിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

കേരകൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) ഓലയുടെ അമിതമായി വില കൂടിയിട്ടുണ്ടെന്നു പറയുന്നതു് ശരിയാണെന്നു തോന്നുന്നില്ല. കഴിഞ്ഞകൊല്ലത്തേതിൽനിന്നും ചില സ്ഥലങ്ങളിൽ അൽപ്പം കൂടുകയും മറ്റു ചില സ്ഥലങ്ങളിൽ അൽപ്പം കുറയുകയുമാണു് ചെയ്തിട്ടുള്ളതു്.

(ബി) തിരുർ താലൂക്കിൽനിന്നു മാത്രമാണു് കുറെ ഓല കയറുമതി ചെയ്യപ്പെടുന്നതു്. മറ്റു സ്ഥലങ്ങളിൽനിന്നും പുറത്തേക്കു് കയറുനിർമ്മയ്ക്കപ്പെടുന്നില്ലാ.

ശ്രീ. കെ. സി. ഏബ്രഹാം : പുരകൾ കെട്ടിമേയുന്നതിനും മറ്റുമായി ജനങ്ങൾക്കു ആവശ്യത്തിനുള്ള ഓല ഇന്നു കേരളത്തിൽ ഇല്ലാ. അതുകൊണ്ടു കുറെനാളത്തേക്കുകൂടി സാധുക്കളായിട്ടുള്ളവരുടെ വീടുകൾ ഓടുമേയുന്നതുവരെയെങ്കിലും ഈ ഓലയുടെ വില ഒന്നു നിയന്ത്രിക്കാൻ നടപടിയെടുക്കുമോ ? ഒരു ചെറിയ കുടിൽ ഓലമേയുന്നതിനു ഇന്നു 50 രൂപയെങ്കിലും ചെലവു വരുന്നുണ്ടു്. അതുകൊണ്ടു് ഓലയുടെ വില നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് എന്തെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് ; ഓലയുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഇപ്പോൾ വില കൂടിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഓലയുടെ വില കഴിഞ്ഞ കൊല്ലത്തിൽ ചില സ്ഥലങ്ങളിലുണ്ടായിരുന്നതു ഞാൻ വായിക്കാം.

	ഈ കൊല്ലം	കഴിഞ്ഞ കൊല്ലം
ആലപ്പുഴ	16 രൂപ.	14 രൂപ.
കോട്ടയം	14 ,,	11 ,,
കണ്ണൂർ	12 ,,	15 ,,
തലശ്ശേരി	13 ,,	15 ,,
ഹോസ്ദുർഗ്	10 ,,	10 ,,
തളിപ്പറമ്പ	14 ,,	14 ,,
മാനന്തവാടി	15 ,,	15 ,,
പൊന്നാനി	10 ,,	10 ,,
ചിറ്റൂർ	10 ,,	10 ,,
പെരുന്തൽമണ്ണ	18 ,,	18 ,,
കൊയിലാണ്ടി	10 ,,	10 ,,
ഏറനാടു്	12 ,,	10 ,, രണ്ടു രൂപ കൂടിട്ടുണ്ടു്.
തിരുവനന്തപുരം	16 ,,	16 ,,

ശ്രീ. എൻ. ഈ. ബലറാം : ഓലയുടെ വില മന്ത്രി പറഞ്ഞതുതന്നെ വളരെ കൂടുതലാണു്, നിത്യേന എന്നോണം ഓലയുടെ വില കയറുകയാണു്. അപ്പോൾ എത്ര ശതമാനം വില കയറിയാലാണു് വിലകൂടി എന്നു പറയുന്നതു് ?

ശ്രീ. ഈ. പി. പൗലോസ് : ഇങ്ങനെ ചില സ്ഥലങ്ങളിൽ വില കൂടി എന്നുള്ളതുകൊണ്ടു് ഓലയ്ക്കു് അമിതമായ വിലക്കയറ്റമാണു് എന്നു പറയാൻ നിവൃത്തിയില്ല. അതു ഇപ്പോൾ ചില സ്ഥലങ്ങളിൽ കുറയുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഏതു രീതിയിലാണു് ഇതിന്റെ വില ഇത്രയാണു് എന്നുള്ള വിവരം ശേഖരിച്ചിട്ടുള്ളതു്? ഞാൻതന്നെ 18 രൂപ കൊടുത്തു തളിപ്പറമ്പുതാലൂക്കിൽ ഒരു വില്ലേജിൽനിന്നും ഓല വാങ്ങിയിട്ടുള്ളതാണു്. അപ്പോൾ അതു ഈ വായിച്ച വിലയേക്കാൾ കൂടുതലാണു്. അതു ചിലപ്പോൾ 22 രൂപ വരെ കയറിയിട്ടുണ്ടു് അപ്പോൾ എന്തു അടിസ്ഥാനത്തിലാണു് പത്തു രൂപ 12 രൂപ എന്നുള്ള ഫിഗർസ് ഇവിടെ തന്നിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ഇവ കളക്ടറേറ്റിൽനിന്നും തന്നിട്ടുള്ള വിവരങ്ങളാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലം ഓലയുടെ വില വളരെ കൂടിയിട്ടുണ്ടെന്നും എല്ലാവർഷവും ഇങ്ങനെ വില കൂടാനാണ് സാദ്ധ്യതയുള്ളതെന്നും മനസ്സിലാക്കി ഗവണ്മെന്റിൽനിന്നും ഓല ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ഗൗരവപൂർവ്വം ഒന്ന ആലോചിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഗവണ്മെന്റു ഓല വാങ്ങിച്ച് സ്റ്റാക്കുചെയ്ത നിയന്ത്രിതവിലയ്ക്ക് വിതരണം ചെയ്യുക എന്നുള്ളതിനെപ്പറ്റി പ്രത്യേകമായ ഒന്ന പരിശോധിക്കണം. അതു നടക്കുമെന്ന എനിക്കിപ്പോൾ അഭിപ്രായമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ ഓല ഉണ്ടാക്കുന്നതു്, ദരിദ്രരും പാവപ്പെട്ടവരുമായ ആളുകളാണ്. ഗവണ്മെന്റു അതിൽ കയറി ഇടപെട്ട ഓല നിയന്ത്രിതവിലയ്ക്ക് വിൽക്കണമെന്നും മറ്റും പറയുകയാണെങ്കിൽ അതു സാധുക്കളോട് ചെയ്യുന്ന ഒരു വലിയ ദ്രോഹമായിരിക്കും: അതുകൊണ്ട് ഓലവില നിയന്ത്രിക്കാതിരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇതു വലിയ ദ്രോഹമാണെന്ന തോന്നുന്നില്ല. ഈ രണ്ടു കൂട്ടർക്കും, ഓല ഉണ്ടാക്കുന്ന സാധുവിനും അതു വാങ്ങിക്കുന്ന സാധുവിനും, ഓലയുടെ വില നിയന്ത്രിക്കുന്നതുകൊണ്ട് ദോഷമില്ല. പക്ഷേ, അതു പ്രായോഗികമാണോ എന്നുള്ളതാണ് സംശയം.

ശ്രീ. കെ. എം. ജോർജ്ജ്: ഈ പ്രശ്നത്തിനൊരു പരിഹാരമായി വീടു മേയേണ്ടിവരുന്നവർക്ക് ഓലയുടെ വില നിയന്ത്രിക്കുന്നതിനേക്കാൾ അവരുടെ വീടുകൾ ഓടുമേയുന്നതിന ദീർഘകാലത്തിനുള്ളിൽ തിരിച്ചടയ്ക്കുന്നതുപോലെ ഗവണ്മെന്റിൽനിന്നും വായ്പ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഹൗസിംഗ് സ്കീമിനകത്തു ഉൾപ്പെടുത്തുന്നതുപോലെ ആലോചിക്കുന്നതിന ദയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : അതു ആലോചിച്ചു തന്നെ പറയേണ്ടകാര്യമാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ഓല നാലഞ്ചുകൊല്ലക്കാലം കേടുകൂടാതെ ഇരിക്കത്തക്കവണ്ണം ഒരു പ്രോസസ്സിംഗ് ഫാക്ടറി പുതിയതായി ആരംഭിച്ചിട്ടുണ്ട്, ഗവണ്മെന്റു അതേപ്പറ്റി അന്വേഷിച്ച് അങ്ങനെയുള്ള ഫാക്ടറികൾക്ക് പ്രോത്സാഹനം നൽകുമോ ? അങ്ങനെ ചെയ്താൽ ഓലയുടെ വില നിയന്ത്രിക്കേണ്ടിവരികയില്ല.

ശ്രീ. ഈ. പി. പൗലോസ് : അതിന്റെ വിവരങ്ങൾ ഒന്ന എഴുതി തരാമെന്നുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. ഹൗസിംഗ് സ്കീം അനുസരിച്ച് മുഴുവൻ വീടു വയ്ക്കുന്നതിനാണ് വായ്പകൾ കൊടുക്കുന്നതു്. ഇതു പ്രായോഗികമാകുമോ എന്നു അന്വേഷിക്കാം.

Mr. Speaker : Question No. 6. An identical question has been already answered. Question No. 7.

ചാർജ്ജിംഗ് പോലീസ് സ്റ്റേഷനുകൾ

* 496. [7] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു സ്റ്റേറ്റിൽ ആകെ എത്ര ചാർജ്ജിംഗ് പോലീസ് സ്റ്റേഷനുകൾ ഉണ്ട് ;

(ബി) ഇക്കൊല്ലം കൂടുതലായി സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാലോചനയുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly